(ബി) 2005 വരെയുള്ള അദ്ധ്യാപകർക്ക് ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇതിനായി സർക്കാർ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കേന്ദ്ര നിയമം അനുശാസിക്കുന്ന തരത്തിൽ 1:30 എന്നത് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഇ) ഇത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു ;

(എഫ്) ഈ അദ്ധ്യയന വർഷത്തിൽ ഇക്കാര്യങ്ങളിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ) നിലവിൽ 1997 ജൂലൈ 14-ന് റഗുലർ സർവ്വീസിലുള്ള അംഗീകൃത അദ്ധ്യാപകർക്കാണ് പ്രൊട്ടക്ഷൻ ആനുകൂല്യം ലഭിക്കുന്നത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി-എഫ്) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. കേന്ദ്രനിയമം അതേപടി കേരളത്തിൽ നടപ്പിലാക്കിയാലുണ്ടാകുന്ന ദോഷവശങ്ങൾ പരിഹരിക്കാനായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അറിവായിട്ടില്ല.

സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള നടപടി

20 (3766) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ ആദ്യകാല വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ പലതും നവീകരിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) എല്ലാ സ്കൂളുകളിലും കുടിവെള്ള സംഭരണികൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 18-1-1996-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.14/96/പൊ.വി. പ്രകാരം സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ പ്രീ. കെ. ഇ. ആർ. കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ചട്ടപ്രകാരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുപുറമെ എസ്.എസ്.എ, ശുചിത്വ മിഷൻ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ. സ്കൂളുകൾ

21 (3767) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് അംഗീകാരമില്ലാത്ത എത്ര സി.ബി.എസ്.ഇ. സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് വരുന്നു.

(ബി&സി) സി.ബി.എസ്.ഇ. സിലബസ് അനുസരിച്ച് പഠിപ്പിക്കുന്ന സ്വകാര്യ സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിന് അവശ്യമായ എൻ.ഒ.സി.മാത്രമാണ് സർക്കാർ നൽകുന്നത്. ഇത്തരം സ്കൂളുകൾക്ക് അഫിലിയേഷൻ നൽകുന്നത് സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ ആണ്. സർക്കാരിന്റെ നിലവിലുള്ള നയം പ്രകാരം സിബിഎസ്.ഇ/ഐ.സി.എസ്.ഇ. അഫിലിയേഷന് സ്റ്റേറ്റ് എൻ.ഒ.സി. നൽകുന്നില്ല.

എയ്ഡഡ്-അൺഎയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്ര പദ്ധതികൾ

22 (3768) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ്-അൺഎയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയോ കേന്ദ്ര ഗവൺമെന്റ് നേരിട്ടോ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly